# നീര കർഷകരക്ഷയാകാൻ ഇനിയുമേറെ മുന്നേറണം

നാളികേരത്തിന്റെ നാടിനെക്കുറിച്ച് നമുക്കെല്ലാം അഭിമാനമാണുള്ളത്. പ്രകൃതിരമണീയതയും ജീവിതായോധനമാർഗവും ഒരുപോലെ കേരളത്തിനു സമ്മാനിച്ച കല്പവൃക്ഷം കുറേക്കാലമായി കർഷകർക്കു കണ്ണീരും ദുരിതങ്ങളുമാണു സമ്മാനിക്കുന്നത്. വെളിച്ചെണ്ണവിലയെ മാത്രം അടിസ്ഥാനമാക്കി നാളികേരത്തിനു വില നിശ്ചയിക്കുന്ന സാഹചര്യത്തിൽ ഇതര ഭക്ഷ്യഎണ്ണകളുടെ ഇറക്കുമതി നാളികേരത്തിന്റെ വിലയിടിച്ചു. പത്തു തെങ്ങുണ്ടെങ്കിൽ എങ്ങനെയും കഴിഞ്ഞുകൂടാമായിരുന്ന കാലമെല്ലാം പൊയ്പോയി. പലർക്കും തെങ്ങ് ബാധ്യതയായി മാറി. ഒരിടയ്ക്ക് തെങ്ങിൻതോപ്പുകൾ വെട്ടിത്തെളിച്ച് മറ്റു കൃഷികൾ ചെയ്യുന്ന സാഹചര്യംപോലുമുണ്ടായി.

നാളികേര മേഖലയുടെ ഭാവിയെ നിർണായകമായി സ്വാധീനിക്കുന്നതായിരുന്നു നീര ഉത്പാദിപ്പിച്ചു വിപണിയിലെത്തിക്കാനുള്ള തീരുമാനം. പോഷകഗുണം നിറഞ്ഞതും പ്രകൃതിദത്തവുമായ നീര വാണിജ്യാടിസ്ഥാനത്തിൽ ഉത്പാദിപ്പിച്ചു വിതരണം ചെയ്ത് അതിലൂടെ നാളികേര കർഷകരെ രക്ഷിക്കാനാണു പദ്ധതി. കഴിഞ്ഞ ദിവസം കോട്ടയത്ത് നീര വിപണന ഉദ്ഘാടനവും നീര ഉത്പാദിപ്പിക്കുന്നതിനുള്ള ലൈസൻസ് വിതരണ ഉദ്ഘാടനവും നടന്നു. നാളികേര ഉദ്പാദക സംഘങ്ങളും ജില്ലാതല ഫെഡറേഷനും അവയുടെ നേതൃത്വത്തിൽ കമ്പനികളും രൂപവത്കരിച്ചാണു നീര ഉത്പാദനവും വിതരണവും സാക്ഷാത്കരിക്കുന്നത്. തികച്ചും ജനാധിപത്യപരമായൊരു സംവിധാനം. കേരോത്പന്നങ്ങളുടെ വൈവിധ്യവത്കരണവും മൂല്യവർധനയും കൂടി ലക്ഷ്യമിടുന്നുണ്ട്.

തെങ്ങിൻ ചക്കര, പഞ്ചസാര, നീര സിറപ്പ് തുടങ്ങിയമൂല്യവർധിത ഉത്പന്നങ്ങളുടെ ആദ്യവില്പന കോട്ടയത്തു കഴിഞ്ഞ ദിവസം നടന്നു. നാളികേര വികസന ബോർഡിന്റെ സഹായത്തോടെ നീര ഉത്പാദനത്തിലും സംസ്കരണത്തിലും കളമശേരി എസ്സിഎംഎസിൽ ഗവേഷണം നടക്കുന്നുണ്ട്. അന്തരീക്ഷ താപനിലയിൽ നീര മൂന്നു മാസക്കാലം കേടുകൂടാതെ സൂക്ഷിക്കുന്നതിനുള്ള സാങ്കേതികവിദ്യ അവർ വികസിപ്പിച്ചെടുത്തിട്ടുണ്ട്. പരിശീലനം ലഭിച്ച നീര ടെക്നീഷൻമാരുടെ ആദ്യബാച്ച് അവിടെനിന്നു പുറത്തിറങ്ങിക്കഴിഞ്ഞു. എങ്കിലും ടെക്നീഷന്മാർ ആവശ്യത്തിനുണ്ടാവുക എന്നതൊരു പ്രതിസന്ധിയാകാം.

നീര ഉത്പാദനത്തിന് അനുമതി നൽകാൻ കർഷകർ ആവശ്യപ്പെട്ടുതുടങ്ങിയിട്ടു പതിറ്റാണ്ടുകളായി. അബ്കാരി നിയമക്കുരുക്കിൽപ്പെട്ടു കിടന്നിരുന്ന ഈ വിഷയത്തിന്റെ പ്രാഥമിക തടസങ്ങൾ ഏതാണ്ടു നീങ്ങിയിരിക്കുന്നു. എങ്കിലും ലൈസൻസിംഗ് സംബന്ധമായ കാര്യങ്ങൾ ഇപ്പോഴും എക്സൈസ് വകുപ്പിന്റെ കീഴിൽ തന്നെയാണ്. അതേപ്പറ്റി ചില ആശങ്കകൾ ഇപ്പോഴുമുള്ളതു സർക്കാർ ക്രമേണ നീക്കുമെന്നു പ്രത്യാശിക്കാം. തെങ്ങുകൾ കള്ളുചെത്തിനു കൊടുക്കുന്നതിനേക്കാൾ പലമടങ്ങു വരുമാനം കർഷകർക്ക് നീര ഉത്പാദനത്തിലൂടെ ലഭിക്കും. കള്ളുചെത്തു വ്യവസായത്തെ ബാധിക്കാതെയാവും നീര ഉത്പാദനത്തെ പ്രോത്സാഹിപ്പിക്കുകയെന്നു മുഖ്യമന്ത്രി പറഞ്ഞിട്ടുണ്ട്. നീര ലൈസൻസിംഗും പരിശോധനകളും കർഷകതാത്പര്യം സംരക്ഷിച്ചുകൊണ്ടു നടത്തിയാൽ തീർച്ചയായും ഈ പദ്ധതി നാളികേര മേഖലയിൽ മാത്രമല്ല, കേരളത്തിന്റെ വികസന കാലാവസ്ഥയിലും മാറ്റമുണ്ടാക്കും. തെങ്ങിന്റെ വിടരാത്ത പൂക്കുല ചെത്തുമ്പോൾ അതിൽനിന്നൂറിവരുന്ന പാനീയമാണ് ഔഷധഗുണമുള്ള, പോഷകസമൃദ്ധമായ നീര. സംസ്കരണത്തിലൂടെ ഫെർമെന്റേഷൻ പ്രക്രിയ തടയുന്നതിനാൽ നീര മദ്യാംശമുള്ള കള്ളാവുന്നില്ല.

സംസ്ഥാനത്തെ പത്തു ശതമാനം തെങ്ങുകളിൽനിന്നു നീര ടാപ്പ് ചെയ്ത് ലിറ്ററിനു നൂറുരൂപ വച്ചു കണക്കാക്കിയാൽ പ്രതിവർഷം 54,000 കോടി രൂപയുടെ വരുമാനമുണ്ടാകുമെന്നാണു നാളികേര വികസന ബോർഡിന്റെ കണക്ക്. ഇതിൽ 27,000 കോടി രൂപ കർഷകർക്കു ലഭിക്കും. ടെക്നീഷൻമാർക്ക് 13,500 കോടി രൂപയും. സംസ്ഥാനത്തിന് അധികനികുതിയായി 4050 കോടി രൂപയുടെ പ്രതിവർഷ വരുമാനമുണ്ടാകും. നിശ്ചിത അനുപാതത്തിൽ വരുമാനം കർഷകരും ടെക്നീഷൻമാരും പങ്കിട്ടെടുക്കുന്ന ഒരു ഉത്പാദനമാതൃകയാണു ചില വിദേശരാജ്യങ്ങൾ പിന്തുടരുന്നത്. കേരളത്തിലും ഈ മാതൃകതന്നെയാണ് യോജ്യമെന്നാണു നാളികേര വികസന ബോർഡിന്റെ അഭിപ്രായം.

നീര ഉത്പാദനത്തിനും വിപണനത്തിനും അന്തിമ അനുമതി നൽകിക്കൊണ്ട് സംസ്ഥാന സർക്കാരിന്റെ പുതിയ ഉത്തരവ് ഫെബ്രുവരി മൂന്നിനും, ഇതു നടപ്പാക്കുന്നതിന് ആവശ്യമായ അബ്കാരി ചട്ട ഭേദഗതി ഫെബ്രുവരി 14നും വിജ്ഞാപനമായി ഇറക്കിയിരുന്നു. നീര ഉത്പാദനത്തിനായി ബജറ്റിൽ മാറ്റിവച്ച 15 കോടി രൂപ കാര്യക്ഷമമായി ഉപയോഗിക്കാനുള്ള പദ്ധതികളും ആസൂത്രണം ചെയ്യേണ്ടതുണ്ട്.

നീരയുത്പാദനത്തിന്റെ വരുമാനസാധ്യത ഉദ്ഘാടനവേളയിൽ നാളികേര വികസന ബോർഡ് ചെയർമാൻ ടി.കെ. ജോസ് വിശദീകരിച്ചപ്പോൾ ചില ശ്രോതാക്കൾക്ക് അവിശ്വസനീയമെന്നു തോന്നിയെങ്കിലും കഴിഞ്ഞ ഏതാനും വർഷങ്ങളായി ഇതിന്റെ പിന്നണിയിൽ കർഷകരെ സംഘടിപ്പിക്കാനും സംഘങ്ങൾ രൂപവത്കരിച്ചു മുന്നോട്ടു പോകാനും കഴിഞ്ഞതിന്റെ ആത്മവിശ്വാസമാണു ചെയർമാന്റെ വാക്കുകളിൽ പ്രതിഫലിച്ചത്. ഇത്തരം പദ്ധതികൾക്കു വിലങ്ങുതടി സൃഷ്ടിക്കാനുള്ള ശ്രമങ്ങൾ വിവിധ ഭാഗങ്ങളിൽനിന്നുണ്ടാകാം. വമ്പൻ പരസ്യങ്ങളോടെയും സെലിബ്രിറ്റി പിന്തുണയോടെയുമൊക്കെ അരങ്ങുവാഴുന്ന കോർപറേറ്റുകളുടെ ഉത്പന്നങ്ങളുടെയും പൊടികലക്കിയുണ്ടാക്കുന്ന കള്ളിന്റെയും മുന്നിൽ നീരയും അനുബന്ധ ഉത്പന്നങ്ങളും പിടിച്ചുനിൽക്കണമെങ്കിൽ ശക്തമായ ഗവേഷണ, ഉത്പാദന, വിതരണ മാർഗങ്ങൾ ഉറപ്പിക്കേണ്ടിയിരിക്കുന്നു. നീരയുടെ ലോഞ്ചിംഗ് വെറുമൊരു ചടങ്ങു മാത്രമാണ്. പദ്ധതി വിജയിക്കുന്നത് അതിന്റെ പ്രതിഫലനം നാളികേര കൃഷി മേഖലയിലും സംസ്ഥാനത്തിന്റെ സമ്പദ്ഘടനയിലും പ്രകടമാകുമ്പോഴാണ്.